# ദക്ഷിണാമൂർത്തി സ്തോത്രം



ധ്യാനം
ഓം മൗനവ്യാഖ്യാപ്രകടിതപരബ്രഹ്മതത്വം യുവാനം
വർശിഷ്ഠാംതേവസദൃഷിഗണൈരാവൃതം ബ്രഹ്മനിഷ്ഠൈഃ |

ആചാര്യേംദ്രംകരകലിതചിന്മുദ്രമാനന്ദരൂപം
സ്വാത്മാരാമമുദിതവദനം ദക്ഷിണാമൂർതിമീഡേ

വടവിടപിസമീപേ ഭൂമിഭാഗേ നിഷണ്ണം
സകലമുനിജനാനാം ജ്ഞാനദാതാരമാരാത്
ത്രിഭുവനഗുരുമീശം ദക്ഷിണാമൂർതിദേവം
ജനനമരണദുഃഖച്ഛേദ ദക്ഷം നമാമി

ചിത്രംവടതരോർമൂലേ വൃദ്ധാഃശിഷ്യാഃഗുരുർയുവാ
ഗുരോസ്തുമൗനവ്യാഖ്യാനം ശിഷ്യാസ്തുച്ഛിന്നസംശയാഃ

ഓം നമഃ പ്രണവാർഥായ ശുദ്ധജ്ഞാനൈകമൂർത്തയേ
നിർമലായപ്രശാന്തായ ദക്ഷിണാമൂർതയേ നമഃ

ഗുരുർബ്രഹ്മാഗുരുർവിഷ്ണുഃ ഗുരുർദേവോമഹേശ്വരഃ
ഗുരുസ്സാക്ഷാത്പരംബ്രഹ്മാ തസ്മൈശ്രീഗുരവേ നമഃ

ഗുരവേസർവലോകാനാം ഭിഷജേഭവരോഗിണാം
നിധയേസർവവിദ്യാനാം ദക്ഷിണാമൂർതയേ നമഃ

ചിദോഘനായമഹേശായ വടമൂലനിവാസിനേ
സച്ചിദാനന്ദരൂപായ ദക്ഷിണാമൂർതയേ നമഃ

ഈശ്വരോഗുരുരാത്മേതി മൂർത്തിഭേദവിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർതയേ നമഃ

അംഗുഷ്ഠതർജനീയോഗമുദ്രാ വ്യാജേനയോഗിനാം
ശൃത്യർഥംബ്രഹ്മജീവൈക്യം ദർശയന്യോഗതാശിവഃ

## സ്തോത്രം

വിശ്വംദർപ്പണ ദൃശ്യമാന നഗരീതുല്യം നിജാന്തർഗതം
പശ്യന്നാത്മനിമായയാ ബഹിരിവോദ്ഭൂതം യഥാനിദ്രയാ
യസ്സാക്ഷാത്കുരുതേ പ്രബോധസമയേ സ്വാത്മാനമേവാദ്വയം
തസ്മൈശ്രീഗുരുമൂർതയേ നമഇദം ശ്രീദക്ഷിണാമൂർതയേ **(1)**

ബീജസ്യാന്തരിവാംകുരോ ജഗദിദം പ്രാങ്നിർവികല്പംപുനർ
മായാകല്പിതദേശകാലകലനാ വൈചിത്ര്യചിത്രീകൃതം
മായാവീവവിജൃംഭയത്യപി മഹായോഗീവ യഃ സ്വേച്ഛയാ
തസ്മൈ ശ്രീഗുരുമൂർതയേ നമഇദം ശ്രീദക്ഷിണാമൂർതയേ **(2)**

യസ്യൈവസ്ഫുരണം സദാത്മകമസത്കല്പാർഥഗംഭാസതേ
സാക്ഷാത്തത്വമസീതി വേദവചസാ യോ ബോധയത്യാശ്രിതാൻ
യസ്സാക്ഷാത്കരണാദ്ഭവേന്ന പുനരാവൃത്തിർഭവാംഭോനിധൗ
തസ്മൈ ശ്രീഗുരുമൂർതയേ നമഇദം ശ്രീദക്ഷിണാമൂർതയേ **(3)**

നാനാച്ഛിദ്രഘടോദരസ്ഥിത മഹാദീപപ്രഭാഭാസ്വരം
ജ്ഞാനംയസ്യച ചക്ഷുരാദി കരണദ്വാരാബഹിഃ സ്പന്ദതേ
ജാനാമീതി തമേവഭാന്തമനുഭാത്യേതത്സമസ്തം ജഗത്
തസ്മൈ ശ്രീഗുരുമൂർതയേ നമഇദം ശ്രീദക്ഷിണാമൂർതയേ **(4)**

ദേഹം പ്രാണമപീന്ദ്രിയാണ്യപിചലാം ബുദ്ധിംചശൂന്യം വിദുഃ
സ്ത്രീബാലാന്ധജഡോപമാസ്ത്വഹമിതി ഭ്രാംതാഭൃശം വാദിനഃ
മായാശക്തി വിലാസകല്പിത മഹാ വ്യാമോഹസംഹാരിണേ
തസ്മൈ ശ്രീഗുരുമൂർതയേ നമ ഇദം ശ്രീദക്ഷിണാമൂർതയേ **(5)**

രാഹുഗ്രസ്ത ദിവാകരേന്ദുസദൃശോ മായാസമാച്ഛാദനാത്
സന്മാത്രഃ കരണോപസംഹരണതോ യോഽഭൂത്സുഷുപ്തഃ പുമാൻ
പ്രാഗസ്വാപ്സമിതി പ്രഭോധസമയേ യഃ പ്രത്യഭിജ്ഞായതേ
തസ്മൈ ശ്രീഗുരുമൂർതയേ നമ ഇദം ശ്രീദക്ഷിണാമൂർതയേ **(6)**

ബാല്യാദിഷ്വപിജാഗ്രദാദിഷു തഥാ സർവാസ്വവസ്ഥാസ്വപി
വ്യാവൃത്താസ്വനുവർതമാനമഹമിത്യംതഃ സ്ഫുരന്തം സദാ
സ്വാത്മാനം പ്രകടീകരോതിഭജതാം യോമുദ്രയാ ഭദ്രയാ
തസ്മൈ ശ്രീഗുരുമൂർതയേ നമഇദം ശ്രീദക്ഷിണാമൂർതയേ **(7)**

വിശ്വംപശ്യതികാര്യകാരണതയാ സ്വസ്വാമിസംബന്ധതഃ
ശിഷ്യാചാര്യതയാ തഥൈവപിതൃപുത്രാദ്യാത്മനാ ഭേദതഃ
സ്വപ്നേജാഗ്രതിവാ യ ഏഷപുരുഷോ മായാപരിഭ്രാമിതഃ
തസ്മൈ ശ്രീഗുരുമൂർതയേ നമഇദം ശ്രീദക്ഷിണാമൂർതയേ **(8)**

ഭൂരംഭാംസ്യനലോഽനിലോഽംബരമഹർ നാഥോഹിമാംശുഃപുമാൻ
ഇത്യാഭാതി ചരാചരാത്മകമിദം യസ്യൈവമൂർത്യഷ്ടകം
നാന്യത്കിംചനവിദ്യതേവിമൃശതാം യസ്മാത്പരസ്മാദ്വിഭോ
തസ്മൈ ശ്രീഗുരുമൂർതയേ നമഇദം ശ്രീദക്ഷിണാമൂർതയേ **(9)**

സർവാത്മത്വമിതിസ്ഫുടീകൃതമിദം യസ്മാദമുഷ്മിൻസ്തവേ
തേനാസ്യശ്രവണാത്തദർഥമനനാ ദ്ധ്യാനാച്ചസംകീർതനാത്
സർവാത്മത്വമഹാവിഭൂതിസഹിതം സ്യാദീശ്വരത്വംസ്വതഃ
സിദ്ധ്യേത്തത്പുനരഷ്ടധാ പരിണതംചൈശ്വര്യമവ്യാഹതം **(10)**

ഇതി ശ്രീമദ്ശങ്കരാചാര്യവിരചിതം ദക്ഷിണാമൂർതിസ്തോത്രം സംപൂർണ്ണം ||

## അർത്ഥവും വ്യാഖ്യാനവും

അവലംബം: പ്രൊഫസർ ജി. ബാലകൃഷ്ണൻ നായർസാറിൻറെ പ്രൌഡാനുഭൂതി എന്ന ഗ്രന്ഥത്തിൽ നിന്നും

അദ്വൈത വേദാന്ത സാരം സമഗ്രമായി ഉൾക്കൊള്ളുന്ന ഒരു മനോഹര കൃതിയാണ് ശ്രീ ശങ്കരാചാര്യ സ്വാമികളുടെ ദക്ഷിണാമൂർത്തി സ്തോത്രം. കൃതിയുടെ മഹത്വം കണക്കിലെടുത്ത് ഇതിനെ ദക്ഷിണാമൂർത്തി ഉപനിഷത്തെന്നും പറയാറുണ്ട്.

വിശ്വംദർപ്പണ ദൃശ്യമാന നഗരീതുല്യം നിജാന്തർഗതം
പശ്യന്നാത്മനിമായയാ ബഹിരിവോദ്ഭൂതം യഥാനിദ്രയാ
യസ്സാക്ഷാത്കുരുതേ പ്രബോധസമയേ സ്വാത്മാനമേവാദ്വയം
തസ്മൈശ്രീഗുരുമൂർതയേ നമ ഇദം ശ്രീദക്ഷിണാമൂർതയേ **(1)**

കണ്ണാടിയിൽ പ്രതിഫലിച്ച് കാണുന്ന നഗരത്തിനു തുല്യമായി ബോധരൂപമായ ആത്മാവിൽ തൻറെ ഉള്ളിലായി പ്രതിഫലിച്ച് കാണുന്ന വിശ്വത്തെ ഉറക്കത്തിൽ സ്വപ്നത്തിലെന്നപോലെ മായകൊണ്ട് പുറത്തുണ്ടായതുപോലെ കണ്ടിട്ട് ഏതൊരാത്മാവാണോ ജ്ഞാനംനേടി ഉണരുന്നതോടെ രണ്ടില്ലാത്ത തന്നെത്തന്നെ സാക്ഷാത്ക്കരിച്ചനുഭവിക്കാൻ കരുത്തനാകുന്നത് ശ്രീ ഗുരുരൂപം കൈക്കൊണ്ടു വിളങ്ങുന്ന ആ ദക്ഷിണാമൂർതിക്കായിക്കൊണ്ട് എൻറെ നമസ്കാരം.

വിശ്വം ദർപ്പണ ദൃശ്യമാന നഗരീ തുല്യം:
ഈ പ്രപഞ്ചം കണ്ണാടിയിലെ പ്രതിഫലിച്ച് കാണുന്ന നഗരം പോലെയാണ്. നഗരം ഉണ്ടെന്നുതോന്നൽ മാത്രമേയുള്ളൂ. വാസ്തവത്തിൽ കണ്ണാടി മാത്രമേയുള്ളൂ, നഗരം ഉള്ളതുപോലെ തോന്നുകയും. ബോധദർപ്പണത്തിൽ മായ പ്രതിഫലിച്ച് കാണിക്കുന്നതാണീ പ്രപഞ്ചം. ബോധം എന്ന സത്യം മാത്രമാണുള്ളത്, പ്രപഞ്ചം മായയുടെ ശക്തിയിൽ വരയ്ക്കപ്പെടുന്ന ചിത്രം മാത്രം. അഖണ്ഡവും അദ്വയവുമായ ബോധത്തിലാണ് പ്രപഞ്ചം, അതുകൊണ്ടാണ് ആത്മാവെന്ന ബോധത്തിൽ നിജാന്തർഗതം എന്നു പറഞ്ഞത്. കണ്ണാടിയിൽ പ്രതിഫലനം കാണുമ്പോൾ അത് ബാഹ്യമാണ് എന്നാണല്ലോ നമുക്കുതോന്നുക. അതുപോലെതന്നെ മായയുടെ ഇന്ദ്രജാല പ്രകടനം കൊണ്ട് പ്രപഞ്ചം എൻറെ പുറത്താണ് എന്നനുഭവപ്പെടുന്നു. ഇതു മനസ്സിലാക്കാൻ ഒരു ദൃഷ്ടാന്തം, നമ്മുടെ നിദ്രയിലെ സ്വപ്നം തന്നെ നോക്കിയാൽ മതി. സ്വപ്നാവസ്ഥയിൽ നിദ്രാശക്തിയുടെ ഒരു ഇന്ദ്രജാലപ്രകടനമാണ് സ്വപ്നപ്രപഞ്ചം. ഈ സ്വപ്നപ്രപഞ്ചം നമ്മുടെ ഉള്ളിലാണെങ്കിലും സ്വപ്നം കാണുന്നത്രയും സമയം ബാഹ്യമായി അനുഭവിക്കുന്നു. സ്വപ്നത്തിൽ ഒരു പുലി വന്നാൽ നാം ഓടുകയും പേടിച്ച് അലറുകയും ചിലപ്പോൾ മൂത്രമൊഴിക്കുകയും കിടക്ക നനയുകയുംവരെ ചെയ്യും. അത്രത്തോളം വാസ്തവമായി നാം സ്വപ്നത്തെ അനുഭവിക്കാറുണ്ട്. എങ്കിലും ഉണർന്നു കഴിയുമ്പോൾ എല്ലാം ഇല്ലാത്തതെന്ന് നാമറിയുന്നു. അതുപോലെതന്നെ ജാഗ്രതവസ്ഥയിൽ മയാശക്തിയുടെ ഇന്ദ്രജാലപ്രകടനമാണ് ജാഗ്രത് പ്രപഞ്ചം. ബോധത്തിൽ തീർക്കുന്ന ഈ ജാഗ്രത് പ്രപഞ്ചവും സ്വപ്നാവസ്ഥയിലെ സ്വപ്നപ്രപഞ്ചവും ഒരുപോലെ അസത്യമാണ്. സ്വപ്നത്തിൽ നിന്നുണരുമ്പോൾ സ്വപ്നപ്രപഞ്ചവും സ്വപ്നപുലിയും അതിലെ അനുഭവങ്ങളും ഇല്ലാതാകുന്നതുപോലെ നാം ഇപ്പോൾ സത്യമെന്നുകരുതുന്ന ജാഗ്രതവസ്ഥയിലെ പ്രപഞ്ചവും അദ്വയമായ പരമാത്മബോധത്തിലേക്ക് ഉണരുമ്പോൾ ഇല്ലാതാകും. സ്വപ്നാവസ്ഥയിൽ തുടരുന്നിടത്തോളം നമുക്ക് സ്വപ്നലോകം സത്യമായിതോന്നുന്നതുപോലെ ഈ ജാഗ്രതവസ്ഥയിൽ തുടരുന്നിടത്തോളം നമുക്ക് ജാഗ്രത് ലോകം സത്യമായിമാത്രമേ തോന്നൂ. ജാഗ്രത്തിൽനിന്നും നിന്നും ആത്മബോധതിലേക്ക് ഉണരുമ്പോൾ മാത്രമേ ഇതിൻറെ നശ്വരത ബോധ്യപ്പെടുകയുള്ളൂ.
എങ്ങനെയാണ് ഉണരുക? ഗുരു-ശാസ്ത്ര-ഉപദേശം കൊണ്ട്, പ്രപഞ്ചത്തിനു പരമകാരണമായ ബോധത്തെക്കുറിച്ച് അറിയുകയും വിചാരം ചെയ്തു ബുദ്ധിയിൽ വ്യക്തമാക്കുകയും വേണം. എന്നിട്ടു ബുദ്ധിയെ ഭാവാദ്വൈതം പരിശീലിപ്പിച്ച് രാഗദ്വേഷ വിമുക്തമാക്കണം. അങ്ങനെ ബുദ്ധിക്കു സമനില ഉറപ്പുവരുന്നതോടെ ജാഗ്രത്പ്രപഞ്ചത്തെ അനുഭവിക്കുന്ന ഈ കൊച്ചുഞാൻ ഉണരുകയും ശാന്തശീതളമായ അഖണ്ഡബോധമായി വികസിക്കുകയും ചെയ്യും. ഇതാണ് അജ്ഞാനനിദ്രയിൽ നിന്നുമുള്ള പ്രബോധം. തുടർന്ന് പ്രപഞ്ചമായി കണ്ടതെല്ലാം ഒരു സ്വപ്നത്തിലെന്ന പോലെയും എല്ലാം എന്നിൽതന്നെ പൊന്തിമറയുന്ന നാമരൂപങ്ങളാണെന്നും അനുഭവിച്ചറിയാൻ കഴിയും. ഇതാണ് സത്യസ്ഥിതി.

ആരാണിതനുഭവിപ്പിക്കുന്നത്? ആത്മാവുതന്നെ സ്വയം ഇതനുഭവിപ്പിക്കുന്നു. അനുഭവിക്കുന്നു. സ്വപ്നംപോലെ തന്നെ. സ്വപ്നം കാണുന്നതും ഉണരുന്നതും ഒരേ ഞാൻ തന്നെയല്ലേ? ഉറങ്ങാൻ കിടക്കുന്ന ഞാൻ ഉറക്കത്തിൽ നിന്നും സ്വപ്നത്തിൽ പ്രവേശിക്കുന്നു. പിന്നെ അവിടെ ഒരു ലോകം തീർത്തു, അതിൽ പലപല ആൾക്കാരായി ഞാൻ തന്നെ വേഷമിട്ടു, ഞാൻ തന്നെ അനുഭവിക്കുന്നു. ഉണർന്നാൽ എല്ലാം തീരും, പിന്നെ ഞാൻ മാത്രം. അതുപോലെ തന്നെ ഈ ജാഗ്രത് ലോകത്തിലും ഇപ്പോൾ നാം പലതായി കാണുന്നതെല്ലാം ഇതിൽ നിന്നും ഉണരുന്നതുവരെ മാത്രം. സ്വപ്നത്തേക്കാൾ കുറച്ചുകൂടി കട്ടത്താണ് ജാഗ്രത്തിൻറെ മറ. അതുകൊണ്ട് പുറമെനിന്നുള്ള ഒരു ഗുരു വന്നു ഉണർത്തുന്നതുവരെ ഈ ലോകം ഉള്ളതുപോലെ തുടരും. ഉണർന്നു കഴിഞ്ഞാൽ എല്ലാം അഖണ്ഡബോധരൂപമായ ബ്രഹ്മം മാത്രം. സർവ്വം ബ്രഹ്മ മയം! ഇങ്ങനെ പ്രപഞ്ച സ്വപ്നത്തിൽ നിന്നുണർത്തുന്ന ഗുരുവിനെയാണിവിടെ ദക്ഷിണാമൂർത്തിയായി സങ്കല്പിചിരിക്കുന്നത്.

ബീജസ്യാന്തരിവാംകുരോ ജഗദിദം പ്രാന്ഗ്നിർവികല്പംപുനർ
മായാകല്പിത ദേശകാലകലനാ വൈചിത്ര്യചിത്രീകൃതം
മായാവീവ വിജൃംഭയത്യപി മഹായോഗീവ യഃ സ്വേച്ഛയാ
തസ്മൈ ശ്രീഗുരുമൂർതയേ നമ ഇദം ശ്രീദക്ഷിണാമൂർതയേ **(2)**

ജഗത്തിൻറെ ഉത്പത്തി രഹസ്യമാണ് ഈ ശ്ലോകത്തിൽ വിശദമാക്കുന്നത്.
വിത്തിനകത്തു മുള എന്നതുപോലെ ഈ ജഗത്ത്, ആരംഭത്തിൽ ഒരു ഭേദവുമില്ലാത്തതായിരുന്നു. അനന്തരം മായകൊണ്ട് ഉണ്ടെന്നു തോന്നിച്ചു. ദേശം കാലം തുടങ്ങിയവയുടെ സൃഷ്ടിയിലൂടെ വിചിത്രമാംവണ്ണം ഇങ്ങനെ പ്രകടമാക്കപ്പെട്ടു. ബോധരൂപനായ ഏതൊരാത്മാവാണോ തൻറെ വെറും സങ്കൽപം കൊണ്ട് ഒരു ഇന്ദ്രജാലക്കാരനെപ്പോലെ അല്ലെങ്കിൽ ഒരു മഹായോഗിയെപ്പോലെ ഇങ്ങനെ പെരുക്കിക്കാണിക്കുന്നത് ശ്രീ ഗുരുരൂപം കൈകൊണ്ടിരിക്കുന്ന ആ ദക്ഷിണാമൂർത്തിക്കായികൊണ്ട് എൻറെ നമസ്കാരം.

സർവത്ര ബോധരൂപമായി വിലസുന്ന അദ്വൈതസത്യം സാക്ഷാത്ക്കരി
ച്ചനുഭവിക്കുക മാത്രമാണ് സംസാരസമുദ്രം കടക്കാനുള്ള ഒരേഒരുമാർഗ്ഗം എന്നാണിനി വിവരിക്കുന്നത്.

യസ്യൈവസ്ഫുരണം സദാത്മകമസത്കല്പാർഥഗംഭാസതേ
സാക്ഷാത്തത്വമസീതി വേദവചസാ യോ ബോധയത്യാശ്രിതാൻ
യസ്സാക്ഷാത്കരണാദ്ഭവേന്ന പുനരാവൃത്തിർഭവാംഭോനിധൗ
തസ്മൈ ശ്രീഗുരുമൂർതയേ നമ ഇദം ശ്രീദക്ഷിണാമൂർതയേ **(3)**

ഏതൊരു ബോധത്തിൻറെ സ്ഫുരണമാണോ സദാ "ഉണ്ട് ഉണ്ട്" എന്നു തോന്നിപ്പിക്കുന്നത്, ഇല്ലാത്ത നശ്വരവസ്തുക്കളെപ്പോലും ഉള്ളതായി കാണി ക്കുന്നത്, ഏതു ബോധരൂപനാണോ "അതു നീ തന്നെ" (തത്ത്വമസി) തുടങ്ങിയ മഹാവാക്യങ്ങളിലൂടെ, അഭയം പ്രാപിക്കുന്നവരെ ഉണർത്തിവിടുന്നത്, ഏതു മഹാവാക്യാർത്ഥം സാക്ഷാത്ക്കരിച്ചനുഭവി ക്കുന്നതിലൂടെ ഈ സംസാരചക്രത്തിൽ നിന്നും മുക്തിലഭിക്കുന്നുവോ, ശ്രീ ഗുരുരൂപം കൈക്കൊണ്ടിരിക്കുന്ന ആ ദക്ഷിണാമൂർത്തിക്കായികൊണ്ട് എൻറെ നമസ്കാരം.
ഈ മഹാവാക്യം സാക്ഷാത്ക്കരിച്ചനുഭവിക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം?
സംസാരസാഗരത്തിൽ പൊങ്ങിയും താന്നും ജന്മജന്മാന്തരങ്ങൾ പോകാതെ രക്ഷപ്പെടാം. ജനന മരണ ചക്രത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നതാണ് സംസാര സാഗരത്തിലെ പൊങ്ങലും താഴലും ചുഴിയില്പെടലും ഒക്കെ. ജനനമരണങ്ങൾ ഇല്ലാത്ത നിത്യമായ ബോധസത്യമാണ് താനെന്ന അനുഭവമാണ് "തത്ത്വമസി" മഹാവാക്യവിചാരം കൊണ്ടുണ്ടാകുന്നത്. ആ നിത്യ ശുദ്ധ മുക്ത ബോധസ്വരൂപമാണ് തനെന്നറിഞ്ഞാൽ പിന്നെ ജനനമെവിടെ മരണമെവിടെ? ആ അനുഭവം ഉറപ്പുവരുന്നതോടെ താൻ ഇതിനുമുൻപും ഒരിക്കലും ജനിച്ചിട്ടില്ലെന്നനുഭവിക്കാറാകും. അതോടെ മരണഭയവും ഇനിയുള്ള ജന്മത്തേക്കുറിച്ചുള്ള ഭയവും എല്ലാം അസ്തമിക്കും. ബോധത്തിൽ നാമ രൂപങ്ങളുടെ ആവിർഭാവ-തിരോഭാവ ങ്ങളുടെ അലകൾ കൊണ്ടുണ്ടാകുന്ന ഭ്രമാനുഭവമാണ് ജനനമരണങ്ങൾ.
കടലിലെ നുരയും പതയും കുമിളകളും എല്ലാം അലയൊടുങ്ങി ശാന്തമാകുമ്പോൾ ജലം തന്നെയാണ് എന്നു കാണുന്നതുപോലെ. സത്യാനുഭവം ഉണ്ടാകുമ്പോൾ ഭ്രമം പൂർണ്ണമായും മാറിക്കിട്ടും.

നാനാച്ഛിദ്ര ഘടോദരസ്ഥിത മഹാദീപപ്രഭാഭാസ്വരം
ജ്ഞാനം യസ്യ ച ചക്ഷുരാദികരണദ്വാരാബഹിഃ സ്പന്ദതേ
ജാനാമീതി തമേവഭാന്തമനുഭാത്യേതത്സമസ്തം ജഗത്
തസ്മൈ ശ്രീഗുരുമൂർതയേ നമ ഇദം ശ്രീദക്ഷിണാമൂർതയേ **(4)**

അനേകം ദ്വാരങ്ങളുള്ള ഒരു കുടത്തിൻറെ ഉള്ളിൽ കൊളുത്തിവെച്ചി രിക്കുന്ന ഒരു ദീപത്തിൻറെ ഓരോ ദ്വാരങ്ങളിലൂടെയും പ്രകാശം പുറത്തേക്കു വരുന്നതുപോലെ, നമ്മുടെ ഉള്ളിൽ പ്രകാശമാനമായി വിളങ്ങുന്ന ബോധം ദേഹത്തിനുള്ളിൽ ഇരുന്നുകൊണ്ട് കണ്ണ് തുടങ്ങിയ ഇന്ദ്രിയങ്ങളിൽ കൂടെ പുറത്തേക്കു പോകുന്നു. ഞാൻ ഉണ്ട് ഉണ്ട് എന്നു സദാ അനുഭവിക്കുന്ന അതേ ബോധം തന്നെയാണ് ഇന്ദ്രിയങ്ങളെ പ്രകാശിപ്പിച്ചു അവയിലൂടെ ഈ പ്രപഞ്ചത്തെ അനുഭവിപ്പിക്കുന്നത്. അങ്ങനെയുള്ള ബോധമായി വിളങ്ങുന്ന ശ്രീ ഗുരുരൂപം കൈക്കൊണ്ടിരിക്കുന്ന ആ ദക്ഷിണാമൂർത്തിക്കായികൊണ്ട് എൻറെ നമസ്കാരം.

ദേഹം പ്രാണമപീന്ദ്രിയാണ്യപിചലാം ബുദ്ധിം ചശൂന്യം വിദുഃ
സ്ത്രീബാലാന്ധജഡോപമാസ്ത്വഹമിതി ഭ്രാംതാഭൃശം വാദിനഃ
മായാശക്തിവിലാസകല്പിത മഹാവ്യാമോഹ സംഹാരിണേ
തസ്മൈ ശ്രീഗുരുമൂർതയേ നമ ഇദം ശ്രീദക്ഷിണാമൂർതയേ **(5)**

അറിവില്ലാത്ത സ്ത്രീകൾ, കുട്ടികൾ, അന്ധന്മാർ, ജഡന്മാർ, ഞാൻ ഞാൻ എന്നു അഭിമാനിച്ചു സദാ അഹങ്കരിച്ചു വീരവാദം പറഞ്ഞു നടക്കുന്ന അജ്ഞാനികൾ, ദേഹത്തെയും പ്രാണനെയും ഇന്ദ്രിയമനോബുദ്ധിയെയും ശൂന്യത്തെയും ആത്മാവായി കാണുന്നു. ഇങ്ങനെ മായകൊണ്ടുണ്ടാകുന്ന മഹാവ്യാമോഹത്തിനെ നശിപ്പിക്കാൻ ശക്തിയുള്ള ശ്രീ ഗുരുരൂപം കൈക്കൊണ്ടിരിക്കുന്ന ആ ദക്ഷിണാമൂർത്തിക്കായികൊണ്ട് എൻറെ നമസ്കാരം.

രാഹുഗ്രസ്ത ദിവാകരേന്ദുസദൃശോ മായാസമാച്ഛാദനാത്
സന്മാത്രഃ കരണോപസംഹരണതോയോഽഭൂത്സുഷുപ്തഃ പുമാൻ
പ്രാഗസ്വാപ്സമിതി പ്രബോധസമയേ യഃ പ്രത്യഭിജ്ഞായതേ
തസ്മൈ ശ്രീഗുരുമൂർതയേ നമ ഇദം ശ്രീദക്ഷിണാമൂർതയേ **(6)**

മായയുടെമൂടുപടം കൊണ്ട് മറഞ്ഞുപോയതിനാൽ രാഹുവിനാൽ വിഴങ്ങപ്പെട്ട സൂര്യനെയും ചന്ദ്രനേയും പോലെ, മറഞ്ഞിരിക്കുന്നവനും ഇന്ദ്രിയങ്ങളെല്ലാം പിൻവലിച്ചതു നിമിത്തം ശുദ്ധസത്തയായ ആനന്ദം മാത്രം അനുഭവിക്കുന്നവനുമായ ഏതൊരു പുരുഷനാണോ ഗാഢനിദ്രയിൽ ആണ്ടിരിക്കുന്നത്, ആരാണോ ആ ഉറക്കത്തിൽ നിന്നുണർന്നുവരുമ്പോൾ നേരത്തേ ഉണങ്ങിയ ആൾ ഞാൻതന്നെ എന്നുതിരിച്ചറിയുന്നത്, ശ്രീ ഗുരുരൂപം കൈക്കൊണ്ടിരിക്കുന്ന ആ ദക്ഷിണാമൂർത്തിക്കായി കൊണ്ട് എൻറെ നമസ്കാരം.
നേരത്തേ ഉറങ്ങിയത് ഞാൻ തന്നെയാണ് എന്ന തിരിച്ചറിവോടു കൂടിയാണ് ഗാഢനിദ്രയിൽ ആണ്ടിരുന്ന പുരുഷൻ ഉണർന്നു വരുന്നത്.

ബാല്യാദിഷ്വപിജാഗ്രദാദിഷു തഥാ സർവാസ്വവസ്ഥാസ്വപി
വ്യാവൃത്താസ്വനുവർതമാനമഹമിത്യംതഃ സ്ഫുരന്തം സദാ
സ്വാത്മാനം പ്രകടീകരോതിഭജതാം യോമുദ്രയാ ഭദ്രയാ
തസ്മൈ ശ്രീഗുരുമൂർതയേ നമഇദം ശ്രീദക്ഷിണാമൂർതയേ **(7)**

ബാല്യം കൌമാരം യൌവ്വനം വാർദ്ധക്യം എന്നീ ദേഹാവസ്ഥകളും, ജാഗ്രത് സ്വപ്ന സുഷുപ്തി അവസ്ഥകളും മാറിമാറി വരുമ്പോഴും അവയെല്ലാം അറിയുന്ന, മാറ്റമില്ലാതെ നിൽക്കുന്ന, അവസ്ഥാമാറ്റങ്ങളെ യെല്ലാം തുടർച്ചയായി ഞാൻ അനുഭവിക്കുന്നു എന്നബോധമായി പ്രകാശിച്ചുകൊണ്ടേയിരിക്കുന്ന സ്വസ്വരൂപമായ ബോധമാണ് ശ്രീ ദക്ഷിണാമൂർത്തി. ആത്മാന്വേഷണത്തിനായി ശരണം പ്രാപിക്കുന്നവർക്ക് മംഗളകരങ്ങളായ ചിഹ്നങ്ങൾ കൊണ്ട് സ്വസ്വരൂപത്തെ പ്രകടമാക്കി കൊടുക്കുന്ന ശ്രീ ഗുരുരൂപം കൈക്കൊണ്ടിരിക്കുന്ന ആ ദക്ഷിണാമൂർത്തിക്കായികൊണ്ട് എൻറെ നമസ്കാരം.

വിശ്വംപശ്യതികാര്യകാരണതയാ സ്വസ്വാമിസംബന്ധതഃ
ശിഷ്യാചാര്യതയാ തഥൈവപിതൃപുത്രാദ്യാത്മനാ ഭേദതഃ
സ്വപ്നേജാഗ്രതിവാ യ ഏഷപുരുഷോ മായാപരിഭ്രാമിതഃ
തസ്മൈ ശ്രീഗുരുമൂർതയേ നമഇദം ശ്രീദക്ഷിണാമൂർതയേ **(8)**

അഖണ്ഡബോധസ്വരൂപമായ ബ്രഹ്മത്തിലെ വെറും മാനസിക ഭ്രമമാണ് വിശ്വം. അക്കാരണത്താൽ തന്നെ ജഗത്തിനെ നിശ്ചിത ബന്ധങ്ങളിൽ കൂടി വിലിയിരുത്താനുള്ള ഒരു ശ്രമവും യുക്തിയുക്തമായിരിക്കുകയില്ല. സ്വപ്നത്തിലായാലും ജാഗ്രത്തിലായാലും മായയുടെ വലയത്തിൽപെട്ടു ഭ്രമിക്കുന്ന മനുഷ്യൻ പ്രപഞ്ചത്തെ കാര്യകാരണ ബന്ധത്തോടുകൂടിയതായോ, സ്വസ്വാമി ബന്ധത്തോടുകൂടിയതായോ, പിതൃപുത്രാദി ബന്ധത്തോടുകൂടിയതായോ ഒക്കെ വേർതിരിച്ചു കാണുന്നു. ശ്രീ ഗുരുരൂപം കൈക്കൊണ്ടിരിക്കുന്ന ആ ദക്ഷിണാമൂർത്തിക്കായികൊണ്ട് എൻറെ നമസ്കാരം
ഭൂരംഭാംസ്യനലോ്നിലോ്oബരമഹർ നാഥോഹിമാംശുഃപുമാൻ
ഇത്യാഭാതി ചരാചരാത്മകമിദം യസ്യൈവമൂർത്യഷ്ടകം
നാന്യത്കിംചനവിദ്യതേവിമൃശതാം യസ്മാത്പരസ്മാദ്വിഭോ
തസ്മൈ ശ്രീഗുരുമൂർതയേ നമഇദം ശ്രീദക്ഷിണാമൂർതയേ **(9)**
ഭൂമി, ജലം, അഗ്നി, വായു, ആകാശം, സൂര്യൻ, ചന്ദ്രൻ, പുരുഷൻ ഇവ ദക്ഷിണാമൂർത്തിയുടെ എട്ടു ശരീരങ്ങളാകുന്നു. അവയെക്കൊണ്ടു തന്നെ യാണ് ജാഗ്രത്തിലെ ഈ പ്രപഞ്ചവും സകലചരാചരങ്ങളും നിറഞ്ഞിരിക്കുന്നത്. ആ അഷ്ടമൂർത്തിയായിരിക്കുന്ന ശ്രീ ഗുരുരൂപം കൈക്കൊണ്ടിരിക്കുന്ന ആ ദക്ഷിണാമൂർത്തിക്കായികൊണ്ട് എൻറെ നമസ്കാരം.

സർവാത്മത്വമിതിസ്ഫുടീകൃതമിദം യസ്മാദമുഷ്മിൻസ്തവേ
തേനാസ്യശ്രവണാത്തദർഥമനനാ ദ്ധ്യാനാച്ചസംകീർതനാത്
സർവാത്മത്വമഹാവിഭൂതിസഹിതം സ്യാദീശ്വരത്വംസ്വതഃ
സിദ്ധ്യേത്തത്പുനരഷ്ടധാ പരിണതംചൈശ്വര്യമവ്യാഹതം **(10)**

ഫലശ്രുതിയാണ് ഈ ശ്ലോകം. ദക്ഷിണാമൂർത്ത്യഷ്ടകം അനുസന്ധാനം ചെയ്യുന്നവരുടെ ജീവിതം അറിവുകൊണ്ടും അനുഭവം കൊണ്ടും ധന്യമായിത്തീരും.
ഈ കാണുന്ന ജഗത്തുമുഴുവൻ ഒരേ ഒരു ബോധവസ്തു ആണെന്നു ഇത്രയധികം സ്പഷ്ടമായി പറഞ്ഞു തരുന്ന മറ്റേതു സ്തുതിയാണുള്ളത്**?** അതുകൊണ്ട് ഇതിനെ നല്ലവണ്ണം പഠിക്കുകയും അനുസന്ധാനം ചെയ്തുറപ്പിക്കുകയും വിചാരം ചെയ്തറിയുകയും ചെയ്യുന്നതുകൊണ്ട് സകല ഐശ്വര്യങ്ങളും വന്നുചേരുകയും ഭഗവദ് പ്രസാദം അനുഭവവേദ്യമാകുകയും ചെയ്യും.

ഇതി ശ്രീമദ്ശങ്കരാചാര്യവിരചിതം ദക്ഷിണാമൂർതിസ്തോത്രം സംപൂർണ്ണം **||**